# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3865 — 27.06.2012-ൽ മറുപടിക്ക്

## എൻ.ആർ.എച്ച്.എം മുഖേന വയനാട് ജില്ലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) എൻ.ആർ.എച്ച്.എം മുഖേന വയനാട് ജില്ലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ താലൂക്കുതലത്തിലുള്ള വിവരം അറിയിക്കുമോ ; | (എ) എൻ.ആർ.എച്ച്.എം മുഖേന വയനാട് ജില്ലയിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ താലൂക്കുതലത്തിലുള്ളത് താഴെ കൊടുക്കുന്നു.<br>1. മാനന്തവാടി താലൂക്ക്<br>പേരിയ സി.എച്ച്.സി യുടെ അപ്ഗ്രഡേഷന്റെ ഭാഗമായി 1389355/-രൂപ ചെലവഴിച്ച് കെട്ടിടങ്ങൾ നിർമ്മിച്ചു. എക്സ്റേ യൂണിറ്റ് പ്രവർത്തിക്കുന്നതിനും കോൺഫറൻസ് നടത്തുന്നതിനുമുള്ള സൗകര്യം ഏർപ്പെടുത്തി.<br>2. ബത്തേരി താലൂക്ക്<br>മീനങ്ങാടി സി.എച്ച്.സി യുടെ അപ്ഗ്രഡേഷന്റെ ഭാഗമായി 20,48,524 രൂപ ചെലവഴിച്ച് കെട്ടിടങ്ങൾ നിർമ്മിച്ചു. ബത്തേരി താലൂക്കാശുപത്രിയുടെ ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 30 ലക്ഷം രൂപയുടെ ആധുനിക ഉപകരണങ്ങൾ നൽകുകയും 16 ലക്ഷം രൂപയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.<br>പുൽപ്പള്ളി സി.എച്ച്.സിയുടെ ലബോറട്ടറി സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് 30,79,182/- രൂപ ചെലവഴിച്ച് കെട്ടിടം നിർമ്മിക്കുകയും പുരുഷ വാർഡ് തുടങ്ങുകയും ചെയ്തു.<br>3. വൈത്തിരി താലൂക്ക്<br>പൊഴുതന പി.എച്ച്.സി ക്ക് സ്വന്തമായി കെട്ടിടം നിർമ്മിച്ചു. ഇതിനായി 36,00,000/-രൂപ ചെലവഴിച്ചു. 33,38,333/- രൂപ ചെലവഴിച്ച് ചെന്നലേട് ജില്ലാ ട്രെയിനിംഗ് സെന്റർ ആധുനികവത്കരിച്ചു. താലൂക്ക് വൈത്തിരി ആശുപത്രിയുടെ അപ്ഗ്രഡേഷന്റെ ഭാഗമായി 23,28,104/- രൂപ ചെലവഴിച്ച് കെട്ടിടം നിർമ്മിക്കുകയും കാഷ്വാലിറ്റി ബ്ലോക്ക് പ്രവർത്തിക്കുകയും ചെയ്യുന്നു. |

| | | | |
|---|---|---|---|
| (ബി) | വയനാട് ജില്ലയിൽ നാളിതുവരെ അനുവദിച്ച തുകയുടെയും ചെലവഴിച്ച തുകയുടെയും താലൂക്കതലത്തിലുള്ള കണക്ക് ലഭ്യമാക്കുമോ ; | (ബി) | അനുബന്ധമായി ചേർക്കുന്നു. |
| (സി) | നടപ്പ് സാമ്പത്തികവർഷം കൽപ്പറ്റ നിയോജകമണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ് ; ആയതിന് വകയിരുത്തിയിട്ടുള്ള തുക എത്രയാണെന്നും വ്യക്തമാക്കുമോ ? | (സി) | വൈത്തിരി കൽപ്പറ്റ ആശുപത്രിയോടനുബന്ധിച്ച് ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജനറൽ ആശുപത്രി കൽപ്പറ്റ, താലൂക്ക് ആശുപത്രി വൈത്തിരി എന്നിവിടങ്ങളിൽ യഥാക്രമം 2700 ലക്ഷം, 100 ലക്ഷം എന്നീ തുകകൾ വകയിരുത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.